**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
(ഹാജർ. ശ്രീ.പി.കെ.അനിൽകുമാർ, ബി.ടെക്, എംബിഎ)
**ഉത്തരവ് നമ്പർ. ബി2/3227/2016/സി.ഇ തീയതി 22/02/2020**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. അർത്തുങ്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജോൺ ജോർജ്ജിന്റെ 27/06/2019 ലെ അപേക്ഷ.
2. കരുനാഗപ്പള്ളി സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ഐശ്വര്യസുഗതന്റെ 20/02/2020 ലെ അപേക്ഷ.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അർത്തുങ്കൽ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജോൺ ജോർജ്ജ്, അഴീക്കൽ സബ് ഡിവിഷൻ കരുനാഗപ്പള്ളി സബ് ഡിവിഷനിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഇത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

ഹാർബർ എഞ്ചിനീയറിംഗ് അഴീക്കൽ സബ് ഡിവിഷൻ, കരുനാഗപ്പള്ളിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഐശ്വര്യസുഗതൻ ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷനിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അഴീക്കൽ സബ് ഡിവിഷൻ കരുനാഗപ്പള്ളിയിലെ ശ്രീമതി.ഐശ്വര്യ സുഗതനെ ബേപ്പൂർ ഹാർബർ എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ സബ് ഡിവിഷനിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അർത്തുങ്കൽ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജോൺജോർജ്ജിനെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അഴീക്കൽ സബ് ഡിവിഷൻ കരുനാഗപ്പള്ളിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ഐശ്വര്യ സുഗതനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിക്കുന്നു. ഈ ഉത്തരവ് അടിയന്തരമായി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

1. ശ്രീ.ജോൺജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ (അർത്തുങ്കൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന)
2. ശ്രീമതി.ഐശ്വര്യ സുഗതൻ, അസിസ്റ്റന്റ് എഞ്ചിനീയർ (കരുനാഗപ്പള്ളി സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന)

95
22
471

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യ മേഖല / ഉത്തര മേഖല.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, ആലപ്പുഴ / കോഴിക്കോട്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയിറിംഗ് സബ് ഡിവിഷൻ, കരുനാഗപ്പള്ളി / കൺസ്ട്രക്ഷൻ സബ് ഡിവിഷൻ ബേപ്പൂർ
4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡ്മിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്), ഹെഡ് ക്ലർക്ക്, ഐ.ടി സെൽ.

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

TA/Sh

Scanned with CamScanner